# Official Spokesperson's response to media queries on the two Indian nationals missing in Kenya

October 24, 2022

---

## കെനിയയിൽ കാണാതായ രണ്ട് ഇന്ത്യൻ പൗരന്മാരെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഒക്ടോബർ 24, 2022

**കെനിയയിൽ കാണാതായ രണ്ട് ഇന്ത്യൻ പൗരന്മാരെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണ ഇപ്രകാരമായിരുന്നു.**

"കാണാതായ രണ്ട് ഇന്ത്യൻ പൗരൻമാരായ മുഹമ്മദ് സായിദ് സമി കിദ്വായ്, സുൽഫിക്കർ അഹമ്മദ് ഖാൻ എന്നിവരെ കണ്ടെത്താൻ ഞങ്ങൾ കെനിയൻ സർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്.

നെയ്റോബിയിലെ ഞങ്ങളുടെ ഹൈക്കമ്മീഷണർ, നംഗ്യാ ഖമ്പ, ഇന്ന് പ്രസിഡന്റ് വില്യം സമോയി റൂട്ടോയുമായി കൂടിക്കാഴ്ച നടത്തുകയും ഞങ്ങളുടെ അഗാധമായ ഉത്കണ്ഠ അറിയിക്കുകയും ഈ വിഷയത്തിൽ അന്വേഷണം വേഗത്തിലാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യും

വിഷയത്തിൽ ഞങ്ങളുടെ ആശങ്കകൾ അറിയിക്കാൻ ന്യൂഡൽഹിയിലെ കെനിയ ഹൈക്കമ്മീഷണറെയും ഒക്ടോബർ 23 ന് മന്ത്രാലയത്തിലേക്ക് വിളിച്ചിരുന്നു.

കെനിയയിലെ ഞങ്ങളുടെ ഹൈക്കമ്മീഷൻ രണ്ട് ഇന്ത്യക്കാരുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുകയും അവരെ സഹായിക്കുകയും ചെയ്യുന്നു.

കെനിയൻ പോലീസിന്റെ ഇന്റേണൽ അഫയേഴ്സ് യൂണിറ്റിന്റെ (IAU) സജീവ അന്വേഷണത്തിലാണ് കേസ്. കെനിയൻ പോലീസിന്റെ അടുത്തിടെ നിർത്തലാക്കിയ സ്പെഷ്യൽ സർവീസ് യൂണിറ്റിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെ നിരവധി പേരെ ഇതുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്തതായി ഞങ്ങൾ ശ്രദ്ധിച്ചു.

തട്ടിക്കൊണ്ടുപോകലുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യങ്ങളും തുടർന്നുള്ള വിവരങ്ങളുടെ അഭാവവും വളരെ വിഷമകരമാണ്. കേസ് സമഗ്രമായി അന്വേഷിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ കേസുമായി ബന്ധപ്പെട്ട എല്ലാ സംഭവവികാസങ്ങളും മന്ത്രാലയം നിരീക്ഷിക്കുന്നത് തുടരുകയാണ്.

**ന്യൂ ഡെൽഹി**

**ഒക്ടോബർ 24, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.